


# സക്കേവൂസിന്റെ മാനസാന്തരം

ലൂക്കാ 19: 1–10; ഉൽ. 13: 1–13; പ്രഭാ. 31: 1–11; 1 തിമോ. 6: 3–10

ബ്ര. ജോഷി തുപ്പലഞ്ഞിയിൽ

Vol. 12, Issue: 40

**ദി**വ്യകാരുണ്യ ഈശോയിൽ ഏറ്റവും സ്നേഹം നിറഞ്ഞവരേ,

മിശിഹായുടെ പീഡാസഹനത്തോടു ചേർന്ന് ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും അനുതാപത്തിന്റെയും പാപപരിഹാരത്തിന്റെയും ആവശ്യകത എടുത്തുപറയുന്ന നോമ്പുകാലത്തിലെ രണ്ടാമത്തെ ആഴ്ചയിലേക്ക് നാമിന്ന് പ്രവേശിക്കുമ്പോൾ, വി. ലൂക്കായുടെ സുവിശേഷം 19-ാം അദ്ധ്യായം 1 മുതൽ 10 വരെയുള്ള തിരുവചനങ്ങളാണ് വചനവിചിന്തനത്തിനായി സഭാമാതാവ് നമുക്ക് നൽകിയിരിക്കുന്നത്. സ്വർഗരാജ്യത്തിൽ പ്രവേശിച്ച ധനികനായ മനുഷ്യന്റെ സംഭവം, സക്കേവൂസിന്റെ മാനസാന്തരം.

കാൽവരിയിലെ ബലിയിലൂടെ മിശിഹാ നമുക്കു നേടിത്തന്ന രക്ഷ ഓരോ വിശ്വാസിയും സ്വന്തമാക്കാൻ ആവശ്യമായ നിർദ്ദേശങ്ങളാണ് സഭ ഈ നോമ്പുകാലത്ത് നമ്മെ പഠിപ്പിക്കുന്നത്. സമ്പത്തിനോട് ഒരു ക്രൈസ്തവൻ പുലർത്തേണ്ട മനോഭാവം എന്ത്, മിശിഹായാകുന്ന യഥാർത്ഥ സമ്പത്തിനെ എപ്രകാരം സ്വന്തമാക്കാം, ആ സമ്പത്തിന്റെ വില എന്ത് എന്നൊക്കെ നമ്മെ ഓർമ്മപ്പെടുത്തുകയാണ് സക്കേവൂസിന്റെ മാനസാന്തരത്തിലൂടെ തിരുസഭാ മാതാവ്.

സ്വർഗരാജ്യത്തിൽ പ്രവേശിച്ച ധനികൻ എന്നാണ് സക്കേവൂസിനെ വി. ജെറോം വിശേഷിപ്പിക്കുന്നത്. വി. മത്തായിയുടെ സുവിശേഷം 19-ാം അദ്ധ്യായം 23-ാം വാക്യത്തിൽ 'ധനവാൻ സ്വർഗരാജ്യത്തിൽ പ്രവേശിക്കുക ദുഷ്ക്കരം' എന്ന ക്രിസ്തുവിന്റെ വചനങ്ങളെ ഉദ്ധരിച്ചാണ് ഇപ്രകാരമൊരു വിശേഷണം സക്കേവൂസിനു നൽകിയിരിക്കുന്നത്. വി. ലൂക്കായുടെ സുവിശേഷം 18-ാം അദ്ധ്യായത്തിൽ മറ്റൊരു ധനികനെ നാം കണ്ടുമുട്ടുന്നുണ്ട്. സ്വർഗരാജ്യം സ്വന്തമാക്കാൻ വന്ന ധനികൻ. നിനക്കുള്ളതെല്ലാം വിറ്റ് ദരിദ്രർക്കു കൊടുക്കുക, അപ്പോൾ സ്വർഗത്തിൽ നിനക്ക് നിക്ഷേപമുണ്ടാകുംഎന്ന വചനം കേട്ട് വിഷമത്തോടെ സ്വർഗരാജ്യം നഷ്ടമാക്കി മടങ്ങിയ ധനികൻ. ഇവിടെയാണ് സക്കേവൂസ് എന്ന ധനികൻ, എപ്രകാരം ക്രിസ്തുവിനെയും അവന്റെ രാജ്യത്തെയും സ്വന്തമാക്കി എന്ന ചോദ്യം പ്രസക്തമാകുന്നത്.

സക്കേവൂസ് എന്ന പേരിന് അർത്ഥം തന്നെ നിസ്സാരൻ, ചെറിയവൻ എന്നൊക്കെയാണ്. ഒരു യഹൂദനായിരുന്നിട്ടും റോമാക്കാർക്കു വേണ്ടി യഹൂദരിൽ നിന്ന് പണം പിരിച്ചിരുന്ന ചുങ്കക്കാരുടെ മേൽനോട്ടക്കാരനായിരുന്നു അവൻ. സ്വന്തം ജനവും സമൂഹവും പരസ്യപാപിയെന്നു മുദ്ര കുത്തിയവൻ. എന്നാൽ ക്രിസ്തുവിനെ കാണാനുള്ള തീവ്രമായ ആഗ്രഹം അവന്റെ ജീവിതത്തെ മാറ്റിമറിക്കുന്നു. പൊക്കം കുറവായിരുന്നതിനാൽ അവൻ മറ്റുള്ളവർക്കു മുമ്പേ ഓടി ഒരു സിക്കമൂർ മരത്തിൽ കയറിയിരിക്കുന്നു. മരത്തിൽ ഒരു ധനവാൻ വലിഞ്ഞുകയറുക, അപമാനങ്ങൾക്കും പരിഹാസങ്ങൾക്കും ഇനി മറ്റൊന്നും ആവശ്യമില്ല. പക്ഷേ, സക്കേവൂസിന്റെ രക്ഷ അവനെ കാത്തിരുന്നത് ആ മരത്തിലായിരുന്നു. വി. അപ്രേം

പറയുന്നത് ഇപ്രകാരമാണ്: ''സക്കേവൂസിന്റെ ഈ അവസാനത്തെ മരത്തെപ്രതി ആദത്തിന്റെ ആദ്യത്തെ മരം വിസ്മരിക്കപ്പെടും.'' ക്രിസ്തു എന്ന യഥാർത്ഥ സമ്പത്തിനെ സ്വന്തമാക്കാൻ നാം ആഗ്രഹിക്കുന്നുണ്ടെങ്കിൽ നാമും സക്കേവൂസിനെപ്പോലെ നമ്മുടെ കുറവുകൾ തിരിച്ചറിഞ്ഞ് ചില സിക്കമൂർ മരങ്ങളിൽ കാത്തിരിക്കേണ്ടിയിരിക്കുന്നു. അപ്പോൾ ക്രിസ്തു നമ്മുടെ ഭവനങ്ങളിലും ജീവിതങ്ങളിലും അതിഥിയായി എത്തും.

സക്കേവൂസിന്റെ മാനസാന്തരത്തിലെ ഏറ്റവും പ്രധാന ഭാഗം സക്കേവൂസിനുണ്ടായ പരിവർത്തനമാണ്. പണവും സമ്പത്തും മാത്രം ലക്ഷ്യം കണ്ട് ജീവിച്ചിരുന്ന സക്കേവൂസിന് ധനത്തിന്റെ മേഖലയിലായിരുന്നു നവീകരണം ആവശ്യമായിരുന്നത്. യഥാർത്ഥ നിക്ഷേപമായ ക്രിസ്തുവിലേക്കുള്ള സക്കേവൂസിന്റെ യാത്രയുടെ ഭാഗമാണ് അവന്റെ കാത്തിരിപ്പും ക്രിസ്തുവിന്റെ ക്ഷണവുമെല്ലാം.

നമ്മുടെ സമ്പാദ്യങ്ങൾ വഴി കർത്താവിൽ ആശ്രയം വയ്ക്കാനും യഥാർത്ഥ സമ്പത്തായ മിശിഹായെ സ്വന്തമാക്കാനുമാണ് ഇന്നത്തെ തിരുവചന വായനകൾ നമ്മെ ഓർമ്മിപ്പിക്കുന്നത്. കാനാൻ ദേശത്ത് എത്തിയ ലോത്തും അബ്രഹാമും തങ്ങൾക്ക് വസിക്കാനായി സ്ഥലം തിരഞ്ഞെടുക്കുന്ന സംഭവമാണ് ഉൽപത്തി പുസ്തകത്തിൽ നിന്നു നാം വായിച്ചുകേട്ടത്. ദൈവം എന്ന സമ്പത്തിനെ മറന്ന് ധനത്തിനും സമ്പാദ്യത്തിനും വേണ്ടി സ്വന്തം മാതാപിതാക്കളെയും സഹോദരങ്ങളെയും കോടതി കയറ്റുകയും ജീവിതകാലം മുഴുവൻ വിദ്വേഷത്തിൽ കഴിയുകയും ചെയ്യുന്ന ഇന്നത്തെ സാഹചര്യത്തിൽ അബ്രഹാത്തിന്റെ മനോഭാവം ഏറെ പ്രസക്തമാണ്. ദൈവത്തിൽ ആശ്രയിച്ച് അബ്രഹാം ലോത്തിന് ഇഷ്ടപ്പെട്ട സ്ഥലം തിരഞ്ഞെടുക്കാൻ സമ്മതിക്കുന്നു. ഇപ്രകാരം സഹോദരനു വേണ്ടി വിട്ടുവീഴ്ച നടത്തിയ അബ്രഹാത്തിന് അനുഗ്രഹങ്ങളുടെ വലിയ സമ്പാദ്യം സ്വന്തമാക്കാൻ സാധിച്ചു എന്ന് വിശുദ്ധ ഗ്രന്ഥം സാക്ഷ്യപ്പെടുത്തുന്നു.

ഈ ലോകസമ്പാദ്യങ്ങളോട് നാം എപ്രകാരമുള്ള മനോഭാവം പുലർത്തണമെന്ന് പ്രഭാഷകന്റെ 31-ാം അദ്ധ്യായം നമുക്ക് കാണിച്ചുതരുന്നു. ധനത്തിലുള്ള അതീവശ്രദ്ധ ആരോഗ്യം നശിപ്പിക്കുകയും അതേക്കുറിച്ചുള്ള ഉത്കണ്ഠ ഉറക്കം ഇല്ലാതാക്കുകയും ചെയ്യുമെന്ന് പ്രഭാഷകൻ ഓർമ്മപ്പെടുത്തുന്നു. ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിസ്ഥാനം എന്ന് പൗലോസ് ശ്ലീഹാ ലേഖനത്തിലൂടെ നമ്മോടു പറഞ്ഞു. ഈ ലോകസമ്പാദ്യങ്ങളൊക്കെ ക്ഷണികമാണെന്നു മനസിലാക്കാതെ അറപ്പുരകൾ പണിതുകൂട്ടിയ ഭോഷനായ ധനികനെയും സമ്പത്തിലും അതിന്റെ ആർഭാടത്തിലും കഴിഞ്ഞ് ലാസർ എന്ന ദരിദ്രനെ മറന്ന് നിത്യാഗ്നി സ്വന്തമാക്കിയ ധനവാനെയും ക്രിസ്തുവിന്റെ ഉപമകളിലൂടെ നാം കണ്ടുമുട്ടുന്നുണ്ട്.

ഇത്തരമൊരു സാഹചര്യത്തിലാണ് ധനത്തിനു പിറകെ പായുന്ന ഇന്നത്തെ ലോകത്തിന് സക്കേവൂസ് മാതൃകയാകുന്നത്. ലൗകിക സമ്പത്തിലല്ല ക്രിസ്തു എന്ന നിത്യസമ്പാദ്യത്തിലാണ് തന്റെ രക്ഷ എന്ന് അവൻ മനസിലാക്കുന്നു. വഞ്ചിച്ചെടുത്തത് നാലിരട്ടിയായി തിരികെ നൽകുന്നതു വഴി പാപപരിഹാരവും ദൈവിക കൃപാവരവും സക്കേവൂസ് സ്വന്തമാക്കുന്നു. സമ്പത്തിന്റെ പകുതി ദരിദ്രർക്ക് ദാനം ചെയ്യുന്നതു വഴി സ്വർഗരാജ്യം എന്ന മഹാസമ്പത്ത് മുഴുവനായും സക്കേവൂസ് സ്വന്തമാക്കുന്നു.

പശ്ചാത്താപമാകുന്ന സിക്കമൂർ മരത്തിൽ കയറി എല്ലാം ഉപേക്ഷിക്കാൻ തയ്യാറായി താഴെ വന്ന സക്കേവൂസിനെ ക്രിസ്തു കൈ പിടിച്ചുയർത്തുന്നത് വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ പുത്രൻ എന്ന പദവിയിലേക്കാണ്. 30 ചില്ലിക്കാശ് സ്വന്തമാക്കി മരം കയറി നാശമടഞ്ഞ യൂദാസിനെപ്പോലെയല്ല, ധനവാനായിരുന്നിട്ടും മരം കയറി സമ്പത്ത് മുഴുവൻ ദാനം ചെയ്യാൻ തയ്യാറായ സക്കേവൂസ് സ്വന്തമാക്കിയത് നിത്യരക്ഷയാണ്.

സക്കേവൂസ് സമ്പത്ത് എല്ലാവർക്കുമായി ദാനം ചെയ്യാൻ തയ്യാറായപ്പോൾ രക്ഷയും അവനോടൊപ്പം ആ ഭവനം മുഴുവനും ലഭിക്കുന്നു. തനിക്കുള്ളതെല്ലാം വിറ്റ് വയലിൽ ഒളിഞ്ഞിരിക്കുന്ന നിധി സ്വന്തമാക്കിയ ധനികൻ, സക്കേവൂസ് എന്ന ധനികന്റെ പ്രതിരൂപമാണ്. കുഞ്ഞുണ്ണി മാഷിന്റെ ഒരു കവിതാശകലം ഇപ്രകാരമാണ്: ''ഈശോയിലാണെന്റെ വിശ്വാസം; കീശയിലാണെന്റെ ആശ്വാസം.'' എന്നാൽ യഥാർത്ഥ സമ്പത്തായ ക്രിസ്തുവിൽ തന്നെ നമ്മുടെ വിശ്വാസവും ആശ്വാസവും അടിസ്ഥാനമിടാൻ നമുക്ക് ശ്രമിക്കാം. ലൗകിക സമ്പത്ത് ശരിയായ വിധത്തിൽ നമുക്ക് ഉപയോഗിക്കാം. ദൈവത്തിൽ ആശ്രയിച്ച് ശരിയായ പണമിടപാടുകൾ നടത്താം. ആരെയും വഞ്ചിക്കാതെ അർഹതയുള്ളവർക്ക് നമ്മുടെ സമ്പാദ്യം പങ്കുവച്ച് യഥാർത്ഥ ക്രിസ്തുശിഷ്യരായി നമുക്ക് മാറാം.

ഏറ്റവും വലിയ സമ്പത്തായ വിശുദ്ധ കുർബാനയിൽ നാം പങ്കുചേരുമ്പോൾ ഈ മഹാധനത്തെ ഭക്തിയോടും ശ്രദ്ധയോടും കൂടി നമുക്ക് ജീവിതത്തിൽ സ്വീകരിക്കാം. യഥാർത്ഥമായ നവീകരണം ഈ നോമ്പുകാലത്തിൽ നടത്താനുള്ള കൃപ യാചിച്ചുകൊണ്ട് യഥാർത്ഥ സമ്പത്തായ മിശിഹായെ നമുക്ക് സ്വന്തമാക്കാം. അപ്പോൾ ഇന്ന് നമ്മുടെ ഭവനങ്ങളിലും ജീവിതങ്ങളിലും രക്ഷ കൈവരും.

സ്നേഹസമ്പന്നനായ മിശിഹായുടെ കൃപയും സമാധാനവും സ്നേഹവും നമ്മോടെല്ലാവരോടും കൂടി എപ്പോഴും ഉണ്ടായിരിക്കട്ടെ.